(ബി) പുതിയവ അനുവദിച്ചിട്ടുണ്ടെങ്കിൽ അതിൽ എത്രയെണ്ണം വടകര ഓപ്പറേറ്റിംഗ് സെന്ററിലേക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ വടകര ഓപ്പറേറ്റിംഗ് സെന്ററിൽ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നതിനായി ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ബസിന്റെ തകരാറ് കാരണം ഈ സാമ്പത്തിക വർഷം എത്ര സർവ്വീസുകൾ റദ്ദാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലേയ്ക്ക് 86 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. ഡിപ്പോ തിരിച്ച് ചുവടെ ചേർക്കുന്നു.

കോഴിക്കോട്	-	49
വടകര	-	9
തൊട്ടിൽപാലം	-	14
താമരശ്ശേരി	-	14

(ബി) ഒൻപത് (9) എണ്ണം.

(സി) വടകര ഓപ്പറേറ്റിംഗ് സെന്ററിൽ 16 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനായി 18 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

(ഡി) ബസ്സിന്റെ കുറവുമൂലം പ്രതിദിനം ശരാശരി മൂന്ന് (3) സർവ്വീസുകൾ എന്ന കണക്കിൽ ആകെ 1,105 സർവ്വീസുകൾ കഴിഞ്ഞ സാമ്പത്തിക വർഷം റദ്ദുചെയ്യേണ്ടിവന്നിട്ടുണ്ട്.

കാക്കനാട് ഇൻഫോപാർക്ക്-കരിമുകൾ-പുത്തൻകുരിശ് റൂട്ടിൽ സിറ്റി സർവ്വീസ് ആരംഭിക്കാൻ നടപടി

229 (4018) ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരത്തിൽ കെ.എസ്.ആർ.ടി.സി. സിറ്റി സർവ്വീസ് ബസ്സുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാക്കനാട്-ഇൻഫോപാർക്ക്-കരിമുകൾ-പുത്തൻകുരിശ് റൂട്ടിൽ സിറ്റി സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ മൂവാറ്റുപുഴയിൽ നിന്നും ആലുവായിൽ നിന്നും ഓരോ സർവ്വീസുകൾ ഈ റൂട്ടിൽ ഓടിക്കുന്നുണ്ട്. ലാഭകരമായി ഓടിക്കുവാൻ കഴിയുമോയെന്ന് പരിശോധിച്ചതിനുശേഷം മാത്രമേ പുതിയ സർവ്വീസുകൾ വീണ്ടും ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly